LIBRARY ARCHIVES Kerala Legislative Assembly

എസ്സി. വകപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കൾ

271 (979) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്സി. വകപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഈ സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് എൻ.സി.വി.റ്റി. നൽകുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കാറുണ്ടോ ;

(സി) ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ നിലവിൽ ഈ സ്ഥാപനങ്ങളിലുണ്ടോ ;

(ഡി) രണ്ട് ട്രേഡ് ഉള്ള സ്ഥാപനങ്ങളിൽ ഡി.ജി.ഇ.റ്റി. നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ, തസ്തികകളുടെ എണ്ണം എന്നിവ എപ്രകാരമാണ് ; പ്രസ്തുത സൗകര്യങ്ങൾ ഉള്ള എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ ;

(ഇ) എസ്സി. വകപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിച്ച് എൻ.സി.വി.റ്റി.-യുടെ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 44 ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്.

തിരുവനന്തപുരം	-	9
കൊല്ലം	-	3
പത്തനംതിട്ട	-	2
ആലപ്പുഴ	-	2
കോട്ടയം	-	4
എറണാകുളം	-	1

തൃശ്ശൂർ	-	9
പാലക്കാട്	-	3
മലപ്പുറം	-	4
കോഴിക്കോട്	-	3
കണ്ണൂർ	-	1
കാസർഗോഡ്	-	3

(ബി) 44 ഐ.ടി.ഐ.-കളിൽ തൃശ്ശൂർ ജില്ലയിലെ വരവൂർ, കാസർഗോഡ് ജില്ലയിലെ ബേള, കോഴിക്കോട് ജില്ലയിലെ തുണേരി എന്നീ 3 ഐ.ടി.ഐ.-കൾ ഒഴിവാക്കി ബാക്കി 41 ഐ.ടി.ഐ.-കളിൽനിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭിക്കുന്നു.

(സി) ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐ.-കൾക്കും കോഴ്സുകൾക്കുമാണ് എൻ.സി.വി.റ്റി അംഗീകാരം ലഭിക്കുന്നത്. നിലവിലുള്ള 44 ഐ.ടി.ഐ.കളിൽ 41 ഐ.ടി.ഐ.-കളിലും പരിശീലിപ്പിക്കുന്ന മുഴുവൻ കോഴ്സുകൾക്കും എൻ.സി.വി.റ്റി. അംഗീകാരം ഉണ്ട്. പ്രസ്തുത ഐ.ടി.ഐ.-കളിൽ ഓരോ ട്രേഡിനും നിഷ്കർഷിക്കുന്ന വിസ്തീർണ്ണത്തിലുള്ള പ്രത്യേകം പ്രാക്ടിക്കൽ ഹാളുകൾ കൂടാതെ തിയറി ക്ലാസ്റൂം, ആഫീസ് റൂം, ഓരോ ട്രേഡിനും പരിശീലനത്തിനാവശ്യത്തിനുള്ള പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവ വകുപ്പിന്റെ എല്ലാ ഐ.ടി.ഐ.-കളിലും സജ്ജീകരിച്ചിട്ടുണ്ട്. വിവിധ കാലഘട്ടത്തിൽ പുതുതായി ഡി.ജി.ഇ.&ടി. ആവശ്യപ്പെടുന്ന മുഴുവൻ സൗകര്യങ്ങളും ഐ.ടി.ഐ.-കളിൽ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) രണ്ട് ട്രേഡുള്ള സ്ഥാപനങ്ങൾക്കായി ഡി.ജി.ഇ.&ടി. പ്രത്യേക സൗകര്യങ്ങൾ നിഷ്കർഷിക്കുന്നില്ല. ഡി.ജി.ഇ.&ടി. നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐ.-കൾക്കും കോഴ്സുകൾക്കുമാണ് എൻ.സി.വി.റ്റി. അംഗീകാരം ലഭിക്കുന്നത്. നിലവിലുള്ള 44 ഐ.ടി.ഐ.-കളിൽ 41 ഐ.ടി.ഐ.-കളിലും പരിശീലിപ്പിക്കുന്ന മുഴുവൻ കോഴ്സുകൾക്കും എൻ.സി.വി.റ്റി. അംഗീകാരം ഉണ്ട്. പ്രസ്തുത ഐ.ടി.ഐ.-കളിൽ ഓരോ ട്രേഡിനും നിഷ്കർഷിക്കുന്ന വിസ്തീർണ്ണത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം പ്രാക്ടിക്കൽ ഹാളുകൾ കൂടാതെ തിയറി ക്ലാസ് റൂം, ആഫീസ് റും, ഓരോ ട്രേഡിനും പരിശീലനത്തിനാവശ്യത്തിനുള്ള പഠനോപകരണങ്ങൾ, ഫർണീച്ചറുകൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവ വകപ്പിന്റെ എല്ലാ ഐ.ടി.ഐ.-കളിലും സജ്ജീകരിച്ചിട്ടുണ്ട്. വിവിധ കാലഘട്ടത്തിൽ പുതുതായി ഡി.ജി.ഇ.&ടി ആവശ്യപ്പെടുന്ന മുഴുവൻ സൗകര്യങ്ങളും ഐ.ടി.ഐ.-കളിൽ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പരിശീലിപ്പിക്കേണ്ട ട്രെയിനികളുടെയും ബാച്ചുകളുടെയും അടിസ്ഥാനത്തിലാണ് അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച് ഡി.ജി.ഇ&ടി നോംസ് ഉള്ളത്. എന്നാൽ പൊതുവായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത് സ്ഥാപനമേധാവിയായ ഒരു പ്രിൻസിപ്പാൾ/ട്രെയിനിംഗ് സൂപ്രണ്ട്, ഓരോ ട്രേഡിനും ആവശ്യമായ ട്രെയിനിംഗ് ഇൻസ്ട്രക്ടർമാർ Arithmetic Calculation & Drawing Instructor, Employability Skill Instructor, 50-ൽ അധികം കുട്ടികൾ പഠിക്കുന്ന ഐ.ടി.ഐ.-യിൽ ഒരു ക്ലാർക്ക് എന്നിങ്ങനെയാണ്. ഇവയിൽ ക്ലാർക്ക് തസ്തിക ഐ.ടി.ഐ.-യിൽ ഇല്ല.

നിലവിൽ വകുപ്പിന്റെ ഐ.ടി.ഐ.-കളിലെ തസ്തികകൾ ഇപ്രകാരമാണ്.

ട്രെയിനിംഗ് സൂപ്രണ്ട് (സ്ഥാപന തലവൻ)-1

ട്രേഡ് ഇൻസ്ട്രക്ടർമാർ - ഒരു ട്രേഡിലെ ഒരു യൂണീറ്റിന് ഒരാൾ വീതം

സ്വീപ്പർ കം വാച്ച്മാൻ-1

ആഫീസ് അറ്റന്റന്റ് -1 എന്നീ സ്ഥിരം തസ്തികകളും

എ.സി.ഡി. ഇൻസ്ട്രക്ടർ (ഗസ്റ്റ്)-1

ഐ.റ്റി. ലിറ്ററസി ഇൻസ്ട്രക്ടർ -1

(ഗസ്റ്റ് ഒരു മാസം)

എംപ്ലോയബിലിറ്റി ഇൻസ്ട്രക്ടർ -1

(ഗസ്റ്റ് ഒരു മാസം)

എന്നിവയ്ക്ക് പുറമേ വർക്ക്ഷോപ്പ് അറ്റൻഡറായി ഒരു അപ്രന്റീസ് ട്രെയിനിയും നിലവിലുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly